# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 09

## വാർത്താക്കുറിപ്പ്

## എം.ജി. സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രം ഒക്ടോബർ 12ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

മഹാത്മാഗാന്ധി സർവകലാശാലയിൽ സ്റ്റാർട്ടപ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർഥികൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി നിർമിച്ച സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രത്തിന്റെ ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 12 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഓൺലൈനിലൂടെ നടക്കുന്ന ഉദ്ഘാടനച്ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ അധ്യക്ഷത വഹിക്കും.

തോമസ് ചാഴിക്കാടൻ എം.പി., അഡ്വ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ., വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി ടോമി, ജില്ലാ പഞ്ചായത്തംഗം ബി. മഹേഷ് ചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്തംഗം മോളി ലൂയിസ്, ഗ്രാമപഞ്ചായത്തംഗം ഷിമി സജി, സിൻഡിക്കേറ്റംഗം അഡ്വ. പി. ഷാനവാസ് എന്നിവർ പങ്കെടുക്കും.

കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയത്തിന്റെ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതിയിലൂടെ 4.53 കോടി രൂപ ചെലവിലാണ് സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രത്തിന്റെ ഒന്നാംഘട്ട നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചത്. പദ്ധതിയുടെ 40 ശതമാനം സംസ്ഥാനവിഹിതമാണ്. 14,131 ചതുരശ്രയടിയുള്ള ഇരുനില കെട്ടിടത്തിന്റെ നിർമാണ ചുമതല കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡാണ് (കെൽ) നിർവഹിച്ചത്.

രാജ്യാന്തര നിലവാരത്തിലേക്കുള്ള സർവകലാശാലയുടെ വളർച്ചയ്ക്ക് സഹായകമാകുന്ന പദ്ധതികളിലൊന്നാണ് സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രം. വിദ്യാർഥികൾക്കും യുവസംരംഭകർക്കും സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് ഇൻകുബേഷൻ സെന്ററിന്റെ ലക്ഷ്യം. നാനോ ടെക്നോളജി, മൊബൈൽ-വെബ് ആപ്ലിക്കേഷനുകൾ, ഡിജിറ്റൽ സേവനങ്ങൾ എന്നീ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ ലാബുകളും മറ്റ് സൗകര്യങ്ങളുമാണ് സെന്ററിൽ ഒരുങ്ങുക. സംരംഭകർക്കുള്ള പരിശീലനവും ലഭ്യമാക്കും. അമേരിക്കയിലെ വിസ്കോൺസിൻ സർവകലാശാലയും പ്രമുഖ ഫോർച്യൂൺ 500 കമ്പനികളും മറ്റ് സ്റ്റാർട്ടപ് സഹായസ്ഥാപനങ്ങളുമായും സഹകരിച്ച് സംരംഭകർക്ക് രാജ്യാന്തര പരിശീലന സൗകര്യമൊരുക്കും. ഇൻകുബേഷൻ സെന്ററിലെ സയന്റിഫിക് കോർ ക്ലൗഡ് കമ്പ്യൂട്ടിങ് സംവിധാനമുപയോഗിച്ച് ചെറുകിട-ഇടത്തരം വ്യവസായസ്ഥാപനങ്ങൾക്കും സർവകലാശാലകൾക്കും കോളജുകൾക്കും ഉത്പന്ന നിർമാണത്തിനുള്ള ഗവേഷണത്തിനായി മോഡലിങ്, കമ്പ്യൂട്ടേഷൻ എന്നിവയിൽ സഹായം ലഭ്യമാക്കും. വിവിധ മൊബൈൽ, വെബ് ആപ്ലിക്കേഷനുകൾ നിർമിക്കുന്നതിനും നിർമിത ബുദ്ധി, ബ്ലോക് ചെയിൻ

എന്നീ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സോഫ്റ്റ്‌വേർ വികസിപ്പിക്കുന്നതിനും ബിസിനസ് അനലറ്റിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്ക്സ്(ഐ.ഒ.റ്റി) എന്നീ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും സൗകര്യമൊരുക്കും. റൂസ 1 പദ്ധതിയിലൂടെ സർവകലാശാലയ്ക്ക് ലഭിച്ച 20 കോടി രൂപയുടെ മുഴുവൻ പദ്ധതികളും ഇതോടെ പൂർത്തീകരിച്ചു.

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ ആര്യ റാങ്കിങ്ങിൽ (അടൽ റാങ്കിങ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് ഓൺ ഇന്നൊവേഷൻ അച്ചീവ്മെന്റ്സ്-ARIIA) സർക്കാർ-സർക്കാർ എയ്ഡഡ് സർവകലാശാലകളുടെ ഗണത്തിൽ ആദ്യ 25 റാങ്കിനുള്ളിൽ എം.ജി. ഇടംനേടിയിരുന്നു. രാജ്യത്തെ പ്രമുഖ ഐ.ഐ.ടി.കളോടടക്കം മത്സരിച്ച് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നാഷണൽ ഇൻസ്റ്റിറ്റിയൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ രാജ്യത്തെ മികച്ച 50 വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായി 30-ാം സ്ഥാനം നിലനിർത്തി.

ലോകത്തിലെ മികച്ച സർവകലാശാലകളെ കണ്ടെത്തുന്നതിനുള്ള ടൈംസ് ഹയർ എജ്യുക്കേഷന്റെ ലോക സർവകലാശാല റാങ്കിങ് 2021 ൽ 601-800 റാങ്ക് പട്ടികയിൽ വിവിധ ഐ.ഐ.ടി.കൾക്കും ഡൽഹി, ജാമിയ മിലിയ, ജെ.എൻ.യു., ബനാറസ് ഹിന്ദു സർവകലാശാലകൾക്കൊപ്പം എം.ജി.യും ഇടംപിടിച്ചിരുന്നു.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനവികവിഷയങ്ങളിലെ ഗവേഷണവും കണ്ടുപിടുത്തങ്ങളും ശക്തിപ്പെടുത്തുന്നതിനായി യു.ജി.സി. നടപ്പാക്കിയ സ്കീം ഫോർ ട്രാൻസ് ഡിസിപ്ലിനറി റിസർച്ച് ഫോർ ഇന്ത്യാസ് ഡെവലപിങ് ഇക്കണോമി (സ്ട്രൈഡ്) പദ്ധതിയിലേക്ക് എം.ജി. തെരഞ്ഞെടുക്കപ്പെട്ടിരുന്നു. രാജ്യത്തെ 16 സർവകലാശാലകളെയാണ് സ്ട്രൈഡിലേക്ക് തെരഞ്ഞെടുത്തത്. സർവകലാശാലയിലെ ഗവേഷണരംഗത്തെ രാജ്യാന്തരനിലവാരത്തിലേക്ക് ഉയർത്തുന്നതിനായി റൂസ ഫണ്ട് അനുവദിക്കുന്നതിന് തെരഞ്ഞെടുക്കുകയും 50 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു.

സംസ്ഥാനത്തെ മികച്ച സർവകലാശാലയ്ക്ക് ഗവർണർ ഏർപ്പെടുത്തിയ 'ചാൻസലേഴ്സ് അവാർഡ് 2015-16ലും 2017-18ലും നേടിയിട്ടുണ്ട്. 2019 ലെ ഇന്ത്യാടുഡേ-എം.ഡി.ആർ.എ. റാങ്കിംഗിൽ രാജ്യത്തെ മികച്ച സർവകലാശാലകളിൽ ആറാമതായി എം.ജി.യെ തെരഞ്ഞെടുത്തിരുന്നു. മുൻവർഷത്തെ 11-ാം റാങ്കിൽനിന്നാണ് ആറിലേക്ക് എത്തിയത്. എം.എച്ച്.ആർ.ഡി. റാങ്കിംഗിൽ 34-ാം സ്ഥാനം നേടിയ എം.ജി. നാക് പോയിന്റിൽ സംസ്ഥാനത്ത് ഏറ്റവും മുന്നിട്ടുനിൽക്കുന്ന സർവകലാശാലയാണ്. ഏറ്റവുമധികം ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുകയും പരീക്ഷ നടത്തിപ്പിലടക്കം നൂതനസാങ്കേതികവിദ്യ വിജയകരമായി നടപ്പാക്കുകയും ചെയ്തു.

## ചിത്രം കാപ്ഷൻ

**എം.ജി. സർവകലാശാലയിൽ നിർമിച്ച സ്റ്റുഡന്റ്സ് അമിനിറ്റീസ് കം ഇൻകുബേഷൻ കേന്ദ്രം.**

(പി.ആർ.ഒ/39/974/2020)

## പ്രാക്ടിക്കൽ

2020 ജൂൺ/ജൂലൈ മാസങ്ങളിൽ നടന്ന നാലാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 14 മുതൽ ഇന്റേണൽ പരീക്ഷയായി അതത് കോളജുകളിൽ നടക്കും. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ വിശദവിവരത്തിന് അതത് കോളജുമായി ബന്ധപ്പെടണം.

(പി.ആർ.ഒ/39/975/2020)

## എം.ഫിൽ സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എം.ഫിൽ കോഴ്സിന് മുസ്ലിം, എസ്.ടി. വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ ഒക്ടോബർ 16ന് വൈകീട്ട് നാലിന് മുമ്പ് spap@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731043, 8547720276.

(പി.ആർ.ഒ/39/976/2020)

## പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ 2020ൽ പിഎച്ച്.ഡി. രജിസ്ട്രേഷൻ (ലോ) നടത്തിയ വിദ്യാർഥികളുടെ കോഴ്സ് വർക്ക് പരീക്ഷ ഒക്ടോബർ 30ന് രാവിലെ 10ന് ആരംഭിക്കും. ഒക്ടോബർ 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/977/2020)

## ആറാം സെമസ്റ്റർ സ്പെഷൽ പരീക്ഷ; അവസരം 2017 അഡ്മിഷൻ മുതലുള്ളവർക്ക്

കൊവിഡ് 19 മൂലം ആറാം സെമസ്റ്റർ റഗുലർ/പ്രൈവറ്റ് ബിരുദ പരീക്ഷയെഴുതാൻ കഴിയാതിരുന്നവർക്കായി ഒക്ടോബർ 12 മുതൽ നടത്തുന്ന പരീക്ഷയിൽ 2017 അഡ്മിഷൻ മുതലുള്ള (രജിസ്റ്റർ നമ്പർ 1700ൽ ആരംഭിക്കുന്ന) വിദ്യാർഥികൾക്ക് മാത്രമായിരിക്കും അവസരം. അല്ലാതെ രജിസ്റ്റർ ചെയ്തവർ പരീക്ഷകൾക്ക് ഹാജരാകേണ്ടതില്ല. ലോക്ഡൗണിന് മുമ്പ് മാർച്ച് 16, 18 തീയതികളിൽ നടന്ന പരീക്ഷ ഇതോടൊപ്പം എഴുതാൻ അവസരമുണ്ടാവില്ല. സപ്ലിമെന്ററി, പ്രാക്ടിക്കൽ, പ്രൊജക്ട് എന്നിവയ്ക്ക് അവസരം തേടി രജിസ്റ്റർ ചെയ്ത വിദ്യാർഥികൾക്കും ഇതോടൊപ്പം അവസരം ലഭിക്കില്ല. സർവകലാശാല അനുവദിച്ച 14 കേന്ദ്രങ്ങളിലാണ് പരീക്ഷ നടക്കുക. രജിസ്റ്റർ ചെയ്ത അർഹരായ വിദ്യാർഥികളുടെ നോമിനൽറോൾ പരീക്ഷകേന്ദ്രങ്ങളിലേക്ക് അയച്ചുകൊടുക്കും. എഴുതാൻ കഴിയാതിരുന്ന ആറാം സെമസ്റ്റർ പരീക്ഷയുടെ ഹാൾടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാജരാക്കണം. പരീക്ഷ മുമ്പ് എഴുതിയിട്ടില്ല എന്ന സത്യവാങ്മൂലവും നൽകണം. മറ്റ് വിദ്യാർഥികൾക്കും വിവിധ കോഴ്സുകളുടെ പരീക്ഷകളെഴുതാൻ കഴിയാതിരുന്നവർക്കുമുള്ള രജിസ്ട്രേഷൻ അടുത്തയാഴ്ച ആരംഭിക്കും. വിദ്യാർഥികൾ സർവകലാശാല വെബ്സൈറ്റിലെ ടൈംടേബിൾ പ്രകാരം പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ/39/978/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ബോട്ടണി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 22 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/979/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. പോളിമർ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 22 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/980/2020)

## സിലബസ്

2019 വരെയുള്ള അഡ്മിഷൻകാർക്കായി നടത്തുന്ന ബി.എ., ബി.എസ് സി., ബി.കോം. (മോഡൽ 1 റഗുലർ) സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയിൽ പാർട്ട് 1 ഇംഗ്ലീഷ് പരീക്ഷയ്ക്ക് 2007ലെ സിലബസ് ബാധകമായിരിക്കും.

(പി.ആർ.ഒ/39/981/2020)

## പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

മഹാത്മാഗാന്ധി സർവകലാശാലയിലെ പെൻഷൻകാരുടെ ഈ വർഷത്തെ ലൈഫ് സർട്ടിഫിക്കറ്റ് www.jeevanpramaan.gov.in എന്ന വെബ്സൈറ്റിലൂടെ ഒക്ടോബർ 12 മുതൽ സമർപ്പിക്കാം. ജീവൻ പ്രമാൺ വെബ്സൈറ്റ് ഉപയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ലൈഫ്

സർട്ടിഫിക്കറ്റ് ഓൺലൈനായി സമർപ്പിക്കുന്നതിന് ശ്രമിക്കണം. ഓൺലൈൻ സംവിധാനം ഉപയോഗിക്കാൻ സാധിക്കാത്തവർക്ക് സർവകലാശാല വെബ്സൈറ്റിലെ ഫോം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

(പി.ആർ.ഒ/39/982/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ